കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-2019

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.22/2571/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
മലപ്പുറം

തിയ്യതി:05-12-2019

ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

- സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്)

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം
4)കാര്യാലയ പകർപ്പ്.

എം.എ.12/19

നം. കെ.എസ്.എ.എം.പി.എം.22/2571/19 തിയ്യതി: 05-12-2019

# മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 08.07.2018 മുതൽ 16.10.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 05 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. അജിത് ആർ , ഡെപ്യൂട്ടി ഡയറക്ടർ(ഹ. ഗ്രേ)

---

ഓഡിറ്റിന് വിനിയോഗിച്ച സമയം : 17.10.2019 മുതൽ 28.10.2019 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. സുരേഷ് പി | ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ) |
| ശ്രീ. അബ്ദുൾ ഗഫൂർ സി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. മൂസ്സ ഇ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഷജീർ കെ | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ ജയറാം പി കെ | 01.04.2018 മുതൽ 31.03.2019വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ. അബ്ദുഫൈസൽ കെ | 01.04.2018 മുതൽ 06.07.2018 വരെ |

| | | |
|---|---|---|
| | ശ്രീ. ആർ രാജേഷ് (സെക്രട്ടറി ഇൻ ചാർജ്ജ്) | 07.07.2018 മുതൽ 16.07.2018 വരെ |
| | ശ്രീ എം.രാജേഷ് | 17.07.2018 മുതൽ 14.03.2019 വരെ |
| | ശ്രീ. രാജേഷ് ആർ (സെക്രട്ടറി ഇൻ ചാർജ്ജ്) | 15.03.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.രാജേഷ് ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| അസി. എഞ്ചിനിയർ | ശ്രീ. മുജീബ് റഹ്മാൻ.പി.എം. | 01.04.2018 മുതൽ 18.06.2018 വരെ |
| | ശ്രീ.അനിൽകുമാർ (ചാർജ്ജ്) | 19.06.2018 മുതൽ 03.07.2018 വരെ |
| | ശ്രീ.സബീബ് | 04.07.2018 മുതൽ 15.01.2019വരെ |
| | ശ്രീമതി നവ്യ | 16.01.2019 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. രാജു പി | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി വിജയശ്രീ എസ്.ബി | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. മുജീബ് റഹ്മാൻ.കെ.പി. | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി നസീമ.കെ | 01.04.2018 മുതൽ 08.10.18 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി സ്മിത ജെയിംസ് ടി | 12.10.18 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ശൈലജ.എൻ. | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി സൈനബ പി.ടി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. ഷിഹാബുദ്ദീൻ.വി (പി.എച്ച്.സി) | 01.04.2018 മുതൽ 31.03.2019വരെ |
| | ഡോ.സീമ.പി. (ഹോമിയോ) | 01.04.2018മുതൽ 31.03.2019 വരെ |

## ഉള്ളടക്കം


| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| | | ഭാഗം I പൊതു അവലോകനം |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (R&P പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം (ACR പ്രകാരം) |
| 5 | 1-5 | പദ്ധതി അവലോകനം. |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമപദ്ധതികൾ |
| | | [illegible] |

| | | |
|---|---|---|
| 8 | 1-8 | ക്യാഷ് വെരിഫിക്കേഷൻ |
| 9 | 1-9 | ആഭ്യന്തരനിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷികകണക്കുകളിലെ അപാകതകൾ |
| 12 | 1-12 | നികുതി നിർണ്ണയത്തിലെ അപാകത - പഞ്ചായത്തിന് വരവ് നഷ്ടം |
| 13 | 1-13 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 14 | 1-14 | ഹോമിയോ മരുന്ന് ലഭ്യമാക്കിയിട്ടില്ല |
| 15 | 1-15 | പി.എച്.സി. മരുന്ന് ലഭ്യമാക്കിയിട്ടില്ല. |
| 16 | 1-16 | തെരുവ് വിളക്ക് റിപ്പയർ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. |
| 17 | 1-17 | കെട്ടിട വാടക നൽകിയത് - ആദായ നികുതി കുറവ് ചെയ്തില്ല |
| 18 | 1-18 | രസീത്, അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല. |
| 19 | 1-19 | പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല. |
| 20 | 1-20 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| 21 | 1-21 | ഭവന പുനരുദ്ധാരണം പദ്ധതി - പദ്ധതി രൂപീകരണം, നിർവ്വഹണം എന്നിവയിലെ അപാകതകൾ |
| 22 | 1-22 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് കമ്പ്യൂട്ടർ നല്കൽ അപാകതകൾ |
| 23 | 1-23 | വയോജനങ്ങൾക്ക് കട്ടിൽ - അർഹതയില്ലാത്തവർക്കും അനുവദിച്ചു |
| 24 | 1-24 | ബാലസഭ, ബാലപഞ്ചായത്ത് പ്രവർത്തനം അപാകതകൾ |
| 25 | 1-25 | പട്ടികജാതി പെൺകുട്ടികളുടെ വിവാഹധനസഹായം പൂർണ്ണമായ രേഖകൾ ഇല്ല |
| 26 | 1-26 | ലൈഫ് ഭവന പദ്ധതി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ |
| 27 | 1-27 | വനിതകൾക്കുള്ള ആട് വിതരണ പദ്ധതി- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ |
| 28 | 1-28 | ഇ ടെണ്ടർ -ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായിട്ടില്ല |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| | | ഇല്ല |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| | | ഇല്ല |
| ഭാഗം -IV പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 29 | 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 30 | 4-2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 31 | 4-3 | നിക്ഷേപ പ്രവർത്തികൾക്ക്(Deposit Work) നൽകിയ തുകയുടെ വിവരങ്ങൾ |
| 32 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 33 | 4-5 | വായ്പ/ വായ്പ തിരിച്ചടവ് |
| 34 | 4-6 | സ്ഥിര നിക്ഷേപങ്ങൾ |
| 35 | 4-7 | ഓഡിറ്റ് റിക്കവറി |
| 36 | 4-8 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 37 | 4-9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം |
| 38 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 39 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |

| ഭാഗം V -അനുബന്ധങ്ങൾ | | |
|---|---|---|
| 40 | Annexure 1 | Audit Certificate |
| 41 | അനുബന്ധം2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 42 | അനുബന്ധം3 | വാർഷിക കണക്ക് സംക്ഷിപ്തം-പകർപ്പ് |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

27.03.18 തീയതിയിലെ 1/പി.പി/9/01/50/18 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 10.05.2019 | --- | --- |

## 1-3 സാമ്പത്തികവിശകലനം

| ഇനം | 2018-19 |
|---|---|
| മുന്നിരിപ്പ് | 1,19,11,813 |
| വരവ് | 7,83,68,026 |
| ആകെ | 9,02,79,839 |
| ചെലവ് | 6,21,15,526 |
| നീക്കിയിരിപ്പ് | 2,81,64,313 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | ----- | 1,64,73,402 | 1,64,73,402 | 1,44,84,517 | 19,88,885 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | ----- | 47,46,000 | 47,46,000 | 41,04,628 | 6,41,372 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | ----- | 1,29,000 | 1,29,000 | -- | 1,29,000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | ----- | 56,50,000 | 56,50,000 | 56,37,245 | 12,755 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | ----- | 34,11,000 | 34,11,000 | 34,11,000 | -- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | ----- | 76,50,000 | 76,50,000 | 75,93,355 | 56,645 |
| ട്രഡീഷണൽ ഫംഗ്ഷൻ ഫണ്ട് | ----- | 1,14,33,817 | 1,14,33,817 | 44,87,109 | 69,46,708 |
| സാക്ഷരത | 5,733 | -- | -- | -- | 5,733 |
| | -- | | | | -- |

| | | | | | | |
|---|---|---|---|---|---|---|
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 1,34,05,152 | 1,34,05,152 | 1,34,05,152 | |
| | അഡ്മിനിസ്റ്റേറ്റീവ് ചെലവ് | 9,832 | 6,99,301 | 7,09,133 | 7,03,239 | 5,894 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | | -855070 | 5046134 | 4191064 | 3842637 | 348427 |
| ബി ഫണ്ട് | തൊഴിലില്ലായ്മാ വേതനം | -- | 60,000 | 60,000 | 60,000 | -- |
| | വിധവകളുടെ പെൺമക്കളുടെ ധനസഹായം | --- | 1,80,000 | 1,80,000 | 1,80,000 | -- |
| | പാഡി ബോണസ് | ----- | 43,200 | 43,200 | 43,200 | -- |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 8141031 | 9669389 | 17810420 | 5972568 | 11837852 |
| | ട്രഷറി അക്കൗണ്ട് | 1858829 | 26283747 | 28142576 | 17061391 | 11081185 |
| സാക്ഷരത | | 5733 | -- | 5733 | -- | 5733 |
| എസ്.എസ്.എ | | 965006 | 34221 | 999227 | -- | 999227 |
| എസ്.ബി.ടി എസ്.ബി | | 715588 | 3590650 | 4306238 | 2085233 | 2221005 |
| രാമപുരം കോ-ഓപ്പറേറ്റീവ് ബാങ്ക് | | 346 | 17 | 363 | -- | 363 |
| എസ്.ബി.ടി ഇ-പൈമെന്റ് | | 69467 | 3883221 | 3952688 | 3688119 | 264569 |
| എസ്.എം.ജി.ബി പ്ലാൻ | | 473373 | 19218 | 492591 | 118 | 492473 |
| എസ്.എം.ജി.ബി സാനിറ്റേഷൻ | | 183468 | -- | 183468 | -- | 183468 |
| എസ്.എം.ജി.ബി ആയുർദളം | | 19025 | -- | 19025 | -- | 19025 |
| എസ്.എം.ജി.ബി കുടുംബശ്രീ | | 135381 | 6834 | 142215 | 1338 | 140877 |
| എസ്.എം.ജി.ബി ഒ.എ.പി | | 41722 | -- | 41722 | -- | 41722 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 192 | 7,40,99,240 | 125 | 4,52,05,508 | 16 | 51 | 65% |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 9,832 | 6,99,301+ 5,718(പലിശ) | 7,09,133 | 7,03,239 | 5,894 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്, | -- | 1,42,59,391 | 1,42,59,391 | 1,42,59,391 | -- |
| ആകെ | 9,832 | 1,49,64,410 | 1,49,68,524 | 1,49,62,630 | 5,894 |

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 60,000 | 37 |
| കർഷകതൊഴിലാളിപെൻഷൻ | 44,66,000 | 346 |
| വിധവാപെൻഷൻ | 1,54,76,900 | 1,251 |
| വാർദ്ധക്യകാലപെൻഷൻ | 1,89,08,800 | 1,599 |
| വികലാംഗപെൻഷൻ | 53,68,200 | 463 |
| വിവാഹധനസഹായം | 1,80,000 | 06 |
| 50 വയസിനുമുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 10,01,200 | 80 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.10.2019 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 17,582/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

1. ആസ്തികളുടെയും സ്റ്റോക്കിന്റെയും ഭൗതികപരിശോധന നടത്തിയിട്ടില്ല.
2. നികുതി നിർണ്ണയിക്കുന്നതിലെ അപാകം കാരണം വരുമാനനഷ്ടം പഞ്ചായത്തിൽ ഉണ്ടാവുന്നുണ്ട്.
3. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാവുന്നില്ല. യഥാസമയം യോഗം ചേരുന്നുണ്ടെങ്കിലും ക്രിയാത്മകനിർദ്ദേശങ്ങൾ സ്റ്റാന്റിംങ് കമ്മിറ്റികൾക്ക് സമർപ്പിക്കുന്നതായി കാണുന്നില്ല.

4)പദ്ധതികളുടെ രൂപികരണം മുതൽ പ്രൊജക്ട് നിർവഹണം വരെയുള്ള മുഴുവൻ പ്രവർത്തനങ്ങൾക്കും ചുക്കാൻ പിടിയ്ക്കേണ്ട സ്റ്റാൻറിംഗ് കമ്മറ്റികളുടെ പ്രവർത്തനവും തൃപ്തികരമാവുന്നില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്ററെ വിവരങ്ങൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ്ഓഡിറ്റ് | 24.09.2019 | 06/19&07/19 | 24.09.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.12.2009 | 2004-05 to 2008-09 | 11.01.2010 |

# 1-11 വാർഷിക കണക്കിലെ അപാകതകൾ

1. വർഷാന്ത്യത്തിൽ ആസ്തികളുടെ ഭൗതിക പരിശോധന, സ്റ്റോക്കിന്റെ ഭൗതിക പരിശോധന എന്നിവ

നടത്തിയിട്ടില്ല.

2. 17-18 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ബി-5(15) പ്രകാരം വസ്തു നികുതി കുടിശ്ശികയിനത്തിൽ ഒന്നും ഇല്ല. എന്നാൽ സഞ്ചയ പ്രകാരം തൻവർഷത്തിൽ 30600രൂപ കുടിശ്ശിക ഡിമാൻറ് ആയും കളക്ഷൻ ആയും കാണിച്ചിട്ടുണ്ട്

3. 2018-19 വാർഷിക കണക്കിൽ RP 43 പ്രകാരം വസ്തു നികുതി തൻ വർഷ കളക്ഷൻ 4044014 (2016940+2027074) ആണ്. എന്നാൽ സഞ്ചയ പ്രകാരം ആയത് 4257814ആണ്.

4. 2018-19 വാർഷിക കണക്കിൽ RP 43 പ്രകാരം വസ്തു നികുതി കുടിശ്ശികയിനത്തിൽ ആകെ 208745 ( 20855+7890) രൂപ വരവുണ്ട്. എന്നാൽ സഞ്ചയ പ്രകാരം ആയത് 30600 ആണ്.

5 .ഡെപ്പോസിറ്റ് രജിസ്റ്റർ സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ ,വരവ് ,ചെലവ് നീക്കിബാക്കി എന്നിവ വാർഷിക കണക്കുമായി ഒത്ത് നോക്കാൻ സാധിച്ചിട്ടില്ല.

6.അഡ്വാൻസ് രജിസ്റ്റർ സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7. ബാങ്ക് ബുക്കുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

8. വസ്തു നികുതി മുൻകൂർ RP 36 പ്രകാരം 19915(5799+14116) എന്നാൽ സഞ്ചയ പ്രകാരം 20861

9.ആസ്തി രജിസ്ററർ കാലികമാക്കിയിട്ടില്ല.

10. കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ (2/19), കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കുടിവെള്ള പദ്ധതി( 104/19) എന്നീ പദ്ധതികൾക്കായി യഥാക്രമം 3420000, 230000 രൂപ വീതം കേരള വാട്ടർ അതോരിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. ഈ പദ്ധതികളുടെ പൂർത്തീകരണ വിവരം, മൂല്യ നിർണ്ണയ സാക്ഷ്യപത്രം എന്നിവ വാട്ടർ അതോരിറ്റി ലഭ്യമാക്കിയിട്ടില്ല. ഈ തുകകൾ അഡ്വാൻസ് ടു ഇംപ്ലിമെന്റിങ് ഓഫീസർ എന്ന ഹെഡിലാണ് ബുക്ക് ചെയ്യേണ്ടത്. എന്നാൽ ഇവ ആസ്തിയായി കാണിച്ചാണ് വരവ് ചെലവ് കണക്കിൽ ഉൾപെടുത്തിയിട്ടുള്ളത്. ഈ തുകകളുടെ വിവരം അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല.

.

# 1-12 നികുതി നിർണ്ണയത്തിലെ അപാകത - പഞ്ചായത്തിന് വരവ് നഷ്ടം

2011- ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി വാണിജ്യ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് താഴെ പറയുന്ന പ്രകാരമാണ് ഭരണസമിതി നിശ്ചയിച്ചിട്ടുള്ളത്.

| | |
|---|---|
| 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 30 രൂപ/ ച.മീ |
| 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 50 രൂപ/ ച.മീ |

ഗ്രാമപഞ്ചായത്തിൽ നിർമ്മാണം പൂർത്തീകരിച്ച് കെട്ടിടനമ്പറിനായി അപേക്ഷിക്കുന്ന 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾ വിവിധ മുറികളായി തിരിച്ചതിനാൽ , ഓരോ മുറിയുടെയും തറവിസ്തീർണ്ണം മാത്രം കണക്കാക്കി 100 ച.മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം എന്ന

പരിഗണനന നൽകി വസ്തുനികുതി നിർണ്ണയിച്ച് നൽകുകയുമാണ് ചെയ്യുന്നത്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| അനുവദിച്ച നം | കെട്ടിട ഉടമയുടെ പേര് | ആകെ വിസ്തീർണ്ണം (ച.മീ.) | ഈടാക്കിയ നിരക്ക് / ച.മീ. | ഈടാക്കേണ്ട നിരക്ക്/ ച.മീ. |
|---|---|---|---|---|
| 15/659A to P | കുഞ്ഞിമുഹമ്മദ്, S/o കുട്ട്യാലി | 296.96 | 30 | 50 |
| 15/126 A to T | അബ്ദുൾലത്തീഫ്,S/oകുഞ്ഞാലിക്കുട്ടി | 429 | 30 | 50 |
| 15/ 392 A to H | മൂസ ഹാജി, S/o മുഹമ്മദ് ഹാജി | 257.41 | 30 | 50 |
| 8/357 A to L | മൊയ്തീൻ, കുഞ്ഞാണി, കാലൊടി | 535.93 | 30 | 50 |
| 7/ 543 B to M | വീരാൻകുട്ടി, S/o പോക്കർ | 187.9 | 30 | 50 |
| 12/145A to L | കുഞ്ഞിമുഹമ്മദ്, തറയിൽ | 238.46 | 30 | 50 |
| 7/ 2 I to x | ഹംസ ചക്കച്ചൻ, കടപങ്ങപുരം | 135.94 | 30 | 50 |
| 7/ 3 F to K | ഹംസ ചക്കച്ചൻ, കടപങ്ങപുരം | 135.93 | 30 | 50 |

വ്യക്തമായ കാരണങ്ങൾ ഒന്നും രേഖപ്പെടുത്താതെ ഇത്തരം കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നികുതി നിരക്ക് കുറച്ച് വസ്തുനികുതി നിർണ്ണയം നടത്തുന്നത് ചട്ടവിരുദ്ധമാണ്. ഇപ്രകാരം നികുതി നിർണ്ണയിക്കുന്നതിലൂടെ ഗ്രാമപഞ്ചായത്തിന് വലിയ തോതിലുള്ള വരുമാന നഷ്ടമാണ് സംഭവിക്കുന്നത്. അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (നം-10/ 24.10.2019) ക്ക് മറുപടി നൽകിയിട്ടില്ല. പ്രസ്തുത കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിച്ച് ഈടാക്കിയതിൽ കുറവുള്ള നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്ററിൽ ഉൾപ്പെടുന്ന താഴെ സ്ഥാപനങ്ങളുടെ 2018-19 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ

| ക്രമ നം | സ്ഥാപനം | നിതുകി ഒടുക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1. | മാവേലി സ്റ്റോർ, പുഴക്കാട്ടിരി | 2018-19 ഒന്നും രണ്ടും |
| 2. | മാവേലി സ്റ്റോർ, പനങ്ങാങ്ങര | 2018-19 ഒന്നും രണ്ടും |
| 3. | ഇ.വി.എം. ഓട്ടോമോട്ടീവ്, | 2018-19 ഒന്നും രണ്ടും |
| 4. | തയ്യിൽ ഇൻഡസ്ട്രീസ്, പരവക്കൽ | 2018-19 ഒന്നും രണ്ടും |
| 5. | മലബാർ ബയോ ഫ്യവൽസ് | 2018-19 ഒന്നും രണ്ടും |
| 6. | പിനാക്കിൾ വെഹിക്കിൾസ് | 2018-19 ഒന്നും രണ്ടും |
| 7. | | |

| | | |
|---|---|---|
| | കോണ്ടിനെന്റൽ കാർസ് | 2018-19 ഒന്നം രണ്ടും |
| 8. | കേരപുര പ്രോഡക്ട്സ് ലി. | 2018-19 ഒന്നം രണ്ടും |
| 9. | ത്രീ സ്റ്റാർ ഗ്രാനൈറ്റ് ഇൻഡസ്ട്രീസ് | 2018-19 ഒന്നം രണ്ടും |

പ്രസ്തുത സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കാൻ സ്വീകരിച്ച നടപടിയുടെ വിവരം അറിയിക്കാൻ ആവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (നം-17/ 26.10.2019) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-14 ഹോമിയോ മരുന്ന് ലഭ്യമാക്കിയിട്ടില്ല

മെഡിക്കൽ ഓഫീസർ, (Homeo) നിർവ്വഹണ ഉദ്യോഗസ്ഥനായ " ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ" എന്ന പദ്ധതി(s0108/2018-19) പ്രകാരം മരുന്ന് വാങ്ങുന്നതിന് മെയിന്റനൻസ് ഫണ്ടിൽ നിന്ന് 200,000 രൂപ(ബിൽ നം- 1/9.10-.2018)പിൻവലിച്ച് ഹോംകോ എന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (നം-19/ 26.10.2019) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. മരുന്ന് ലഭ്യമാക്കുന്നത് വരെ ചെലവു തുക 200,000 രൂപ തടസ്സം ചെയ്യുന്നു.

# 1-15 പി.എച്.സി. മരുന്ന് ലഭ്യമാക്കിയിട്ടില്ല.

മെഡിക്കൽ ഓഫീസർ, (PHC) നിർവ്വഹണ ഉദ്യോഗസ്ഥനായ " പരിരക്ഷ രോഗികൾക്ക് ഉപകരണങ്ങൾ വാങ്ങൽ" എന്ന പദ്ധതി(s0136/2018-19) പ്രകാരം പരിരക്ഷ രോഗികൾക്കുള്ള മരുന്ന് വാങ്ങുന്നതിന് മെയിന്റനൻസ് ഫണ്ടിൽ നിന്ന് 91845 രൂപ(ബിൽ നം- 2/24.5.2018)പിൻവലിച്ച് കെ.എം.എസ്.സി.എൽ തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 52809 രൂപയുടെ മരുന്ന് മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. 39036 രൂപയുടെ മരുന്ന് ഇനിയും ലഭ്യമാക്കാനുണ്ട് . മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാൻ ആവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (നം-9/24.10.2019) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അവശേഷിക്കുന്ന 39036 രൂപയുടെ മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. മരുന്ന് ലഭ്യമാക്കുന്നത് വരെ ചെലവു തുക 39036 രൂപ തടസ്സം ചെയ്യുന്നു.

# 1-16 തെരുവ് വിളക്ക് റിപ്പയർ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ തെരുവ് വിളക്ക് റിപ്പയർ എന്ന പദ്ധതി പ്രകാരം (189/19) ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതിന് 21800235/17.7.2018 നമ്പർ വൗച്ചർ പ്രകാരം 205001 രൂപ ശ്രീ സക്കീർഹുസൈൻ ചോലയിൽ എന്നയാൾക്ക് നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ ചുവടെ കാണിച്ച അപാകതകൾ ശ്രദ്ധയിൽപെട്ടു.

1. പ്രവ്വത്തിയുടെ ആകെ മൂല്യ നിർണ്ണയം 270000 രൂപ എന്ന് കണക്കാക്കി പ്രസ്തുത തുകയിൽ നിന്ന് നികുതികൾ കുറവ് ചെയ്താണ് മേൽ പരാമർശിച്ച പ്രകാരമുള്ള തുക നൽകിയിട്ടുള്ളത്. എന്നാൽ റിപ്പയർ ചെയ്ത തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവയുടെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2. ശ്രീ സക്കീർ ഹുസൈന് നൽകിയ വർക്ക് ഓർഡറിൽ, പഴയ സാധനങ്ങൾ പട്ടികപ്പെടുത്തി പഞ്ചായത്തിൽ തിരിച്ചേൽപിച്ച് രസീത് വാങ്ങിക്കേണ്ടതാണെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ അപ്രകാരം പഴയ സാധനങ്ങൾ തിരിച്ചേൽപിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3. കരാറുകാരന് തുക നൽകിയപ്പോൾ ആകെ മൂല്യ നിർണ്ണയ തുകയിൽ നിന്ന് 12% ജി.എസ്.ടി വിഹിതം കുറവ് ചെയ്ത് കിട്ടുന്ന തുകയിൽ നിന്ന് മാത്രമാണ് ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ ഈടാക്കിയിട്ടുള്ളത്. എന്നാൽ കരാറുകാരൻ ജി.എസ്.ടി രജിസ്ട്രേഷൻ എടുത്തതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

4. കരാറുകാരന്റെ ലൈസൻസ് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.
പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് കാണിച്ച് ഓഡിറ്റ് എൻക്വയറി 1/24.10.2019 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 205001 രൂപ തടസ്സം ചെയ്യുന്നു.

# 1-17 കെട്ടിട വാടക നൽകിയത് - ആദായ നികുതി കുറവ് ചെയ്തില്ല

പനങ്ങാങ്ങരയിൽ 4/281,4/282,4/283 നമ്പർകെട്ടിടത്തിൽ പ്രവൃത്തിക്കുന്ന മാവേലി സ്റ്റോറിന്റെ 11/2014 മുതൽ 8/2018 കൂടിയ 46 മാസത്തെ വാടക പ്രതിമാസം 5186 രൂപ നിരക്കിൽ ആകെ 238556 രൂപ കെട്ടിട ഉടമക്ക് നൽകിയിട്ടുണ്ട്.(വൗച്ചർ 21800515/4.10.2018). ഇൻകം ടാക്സ് നിയമം സെക്ഷൻ 194 i പ്രകാരം വാടക ഇനത്തിൽ 180000 രൂപയിലധികം തുക ഏതെങ്കിലും വ്യക്തിക്ക് നൽകുമ്പോൾ 10% നിരക്കിൽ ആദായ നികുതി കുറവ് ചെയ്യേണ്ടതുണ്ട്. ആയത് പ്രകാരം 23856 രൂപ കുറവ് ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുകയോ തുക ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കി ആദായ നികുതി വകുപ്പിൽ അടവാക്കുകയോ ചെയ്യേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി 11/26.10.2019 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-18 രസീത്, അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല.

ചുവടെ പറഞ്ഞ പ്രകാരം വിവിധ സ്ഥാപനങ്ങളിൽ അടവാക്കിയ തുകകളുടെ കൈപറ്റ്, മൂല്യനിർണ്ണയ സാക്ഷ്യപത്രം, പൂർത്തീകരണ വിവരം, അനുബന്ധ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ | തുക | ചെലവിനം | സ്ഥാപനം/ കൈപറ്റിയത് | ഹാജരാക്കേണ്ട രേഖ |
|---|---|---|---|---|
| 21800776/5.1.19 | 71188 | രാമപുരം വെറ്ററിനറി സബ്സെന്റർ വാടക | ശ്രീ ഹുസൈൻ.ടി | കൈപ്പറ്റ് |
| 21800715/12.12.18 | 241100 | ലൈബ്രറി സെസ് | സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, തിരുവനന്തപുരം | കൈപ്പറ്റ് |
| 21800586/26.10.18 | 15000 | പഞ്ചായത്ത് അസോസിയേഷൻ മെമ്പർഷിപ്പ് നൽകിയത് | ജനറൽ സെക്രട്ടറി, കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ തിരുവനന്തപുരം. | കൈപ്പറ്റ് |
| 21800108/24.5.18 | 13642 | പത്രപരസ്യം | ദേശാഭിമാനി ദിനപത്രം | കൈപ്പറ്റ് |
| 21800817/30.1.19 | 11928 | „ | „ | കൈപ്പറ്റ് |
| 21800816/30.1.19 | 5141 | „ | „ | കൈപ്പറ്റ് |
| 21800892/26.2.19 | 11424 | „ | „ | കൈപ്പറ്റ് |

| | | | | |
|---|---|---|---|---|
| 21800442/12.9.18 | 500000 | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന | CMDRF | കൈപ്പറ്റ് |
| ട്രഷറി ബിൽ 9/4.9.2018 | 72518 | IKMഷെയർ നൽകിയത് | IKMതിരുവനന്തപുരം | കൈപ്പറ്റ് |
| ട്രഷറി ബിൽ 15/13.11.2018 | 16025 | PMAY ഷെയർ നൽകിയത് | ലഭ്യമല്ല | കൈപ്പറ്റ് |
| 1/25.5.2018 | 58873 | ഷി പാഡ് പദ്ധതിക്ക് തുക അടവാക്കൽ(137/19) | വൗച്ചർ, ചെലവ് രേഖകൾ,കൈപറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. തുക അടവാക്കിയത് ആർക്കാണ് എന്ന വിവരവും ഇല്ല | |
| | 1016839 | | | |

ഓഡിറ്റ് എൻക്വയറി 12/26.10.2019, 20/26.10.2019 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 1016839 രൂപ തടസ്സം ചെയ്യുന്നു.

## 1-19 പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല.

ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ചുവടെ കാണിച്ച പ്രകാരം ശമ്പള കുടിശ്ശിക നൽകിയപ്പോൾ കുടിശ്ശിക തുകയിലുൾപെട്ട അടിസ്ഥാന ശമ്പള തുകയുടെ വർദ്ധനവിന് ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല. ആയത് അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേര് | വൗച്ചർ നമ്പർ/തുക | അടിസ്ഥാന ശമ്പള വർദ്ധനവ് | പെൻഷൻ കോൺട്രിബ്യൂഷൻ |
|---|---|---|---|
| ശ്രീ.കൈലാസനാഥൻ, സീനിയർ ക്ലാർക്ക് | 21800843/1.2.2019 തുക 122154 | 110779 | 16617 |
| ശ്രീ. പി.സിജു സെക്രട്ടറി | 21800537/5.10.2018 തുക 18906 | 14045 | 2108 |
| ശ്രീ.അബുഫൈസൽ സെക്രട്ടറി | 21800296/1.8.2018 | 29400 | 4410 |
| ശ്രീ.ശറഫുദ്ധീൻ ഇ സെക്രട്ടറി | 21800517/4.10.2018 തുക 21025 21800518/4.10.2018 തുക 21025 21800536/5.10.2018 തുക 15521 | 380700 | 57105 |
| | | | |

| | | | |
|---|---|---|---|
| ശ്രീമതി.ജാനകി<br>ഓഫീസ് അറ്റന്റന്റ് | 21800538/5.10.2018<br>തുക 44525 | 293400 | 44010 |

ഓഡിറ്റ് എൻക്വയറി 13/26.10.2019 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-20 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പദ്ധതികൾക്കായി കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകകളുടെ വിനിയോഗ സാക്ഷപത്രം, പ്രവൃത്തികളുടെ പൂർത്തീകരണ വിവരം, കൈപ്പറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. പ്രവൃത്തികൾ പൂർത്തിയാകുന്ന മുറക്ക് രേഖകൾ വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ട്രഷറി ബിൽ 12/30.10.2018<br>13/30.10.2018 | 150000<br>80000 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കുടിവെള്ള പദ്ധതി 104/19 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ, മലപ്പുറം |
| ട്രഷറി ബിൽ 14/13.11.2018 | 3420000 | കുടിവെള്ള പദ്ധതി പൈപ്പ്‌ലൈൻ നീട്ടൽ (2/19) | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ, മലപ്പുറം |
| | 3650000 | | |

ഓഡിറ്റ് എൻക്വയറി 12/26-10-19 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവ് തടസ്സം ചെയ്യുന്നു.

# 1-21 ഭവന പുനരുദ്ധാരണം - പദ്ധതി രൂപീകരണം, നിർവ്വഹണം എന്നിവയിലെ അപാകതകൾ

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഭവന പുനരുദ്ധാരണം ജനറൽ (13/19), ഭവന പുനരുദ്ധാരണം പട്ടികജാതി (14/19) എന്നീ പദ്ധതികൾ പ്രകാരം ആകെ 77 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. ജനറൽ വിഭാഗത്തിന് 20000 രൂപ, പട്ടികജാതിക്കാർക്ക് 25000 രൂപ നിരക്കിലും ആണ് ഈ പദ്ധതി പ്രകാരം ധനസഹായം നൽകിയിട്ടുള്ളത്.

<u>ജനറൽ</u>

ട്രഷറി ബിൽ : 10/16.11.2018 തുക 260000

ട്രഷറി ബിൽ : 13/29.12.2018 തുക 233982

ചെക്ക് : 2225120/22.3.2019 തുക 300000

ചെക്ക് : 1315075/4.12.2018 തുക 286018

ചെക്ക് : 1315571/23.1.2019 തുക <u>189700</u>

ആകെ 1269700

<u>പട്ടികജാതി</u>

ട്രഷറി ബിൽ : 25/25.3.2019 തുക 100000

ട്രഷറി ബിൽ : 12/26.12.2018 തുക 95000

ട്രഷറി ബിൽ : 11/26.11.2018 തുക 125000

ആകെ 320000

പദ്ധതി രൂപീകരണം, നിർവ്വഹണം എന്നിവയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 14.2.2018ലെ ജി.ഒ(എം.എസ്)22/2018 നമ്പർ സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഇങ്ങിനെ ഒരു ഇനത്തിന് സബ്സിഡി അനുവദനീയമല്ല. മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ, വീട് വാസയോഗ്യമാക്കൽ (വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ) എന്നീ പദ്ധതികൾക്ക് ധനസഹായം നൽകാനാണ് സബ്സിഡി മാർഗ്ഗരേഖയിൽ വ്യവസ്ഥ ഉള്ളത്. മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കാൻ ജനറൽ വിഭാഗത്തിന് പരമാവധി 75000 രൂപയും, പട്ടികജാതിക്കാർക്ക് 100000 രൂപയും, വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ ജനറൽ വിഭാഗത്തിന് പരമാവധി 100000 രൂപയും, പട്ടികജാതിക്കാർക്ക് 150000 രൂപയും നൽകാവുന്നതാണ്.

2. സബ്സിഡി മാർഗ്ഗരേഖയിൽ ഇല്ലാത്ത ഒരിനത്തിന് ധനസഹായം നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. അപ്രകാരം അനുമതി കിട്ടിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

3. ഈ പദ്ധതി പ്രകാരം വീടിന്റെ മേൽക്കൂര മാറ്റിയതിനും, മേൽക്കൂരയിൽ അറ്റകുറ്റപണി ചെയ്തതിനും, പ്ലാസ്റ്ററിങ് ചെയ്തതിനുമെല്ലാം ധനസഹായം ചെയ്തിട്ടുണ്ട്. 25000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെ എസ്റ്റിമേറ്റ് വരുന്ന പ്രവൃത്തികളാണ് ഗുണഭോക്താക്കൾ ചെയ്തിട്ടുള്ളത്. എന്നാൽ എല്ലാവർക്കും എഞ്ചിനീയർ/ഓവർസിയർ ഒരേ നിരക്കിൽ (ജനറൽ , പട്ടികജാതിക്കാർ എന്നിവർക്ക് യഥാക്രമം 20000, 25000 രൂപ) വാലേഷൻ നൽകുകയും ഒരേ നിരക്കിൽ സബ്സിഡി തുക നൽകുകയും ആണ് ചെയ്തിട്ടുള്ളത്.

4.വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ ഗുണഭോക്താക്കളുടെ വീട് എഞ്ചിനീയർ പരിശോധിച്ച ശേഷമായിരിക്കണം ഓരോരുത്തർക്കും ആവശ്യമായ സബ്സിഡി തുക നിശ്ചയിക്കേണ്ടതെന്നും, ഭാര്യയുടെയും ഭർത്താവിന്റെയും പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്കായിരിക്കണം തുക നൽകേണ്ടതെന്നും വ്യവസ്ഥ ഉണ്ട്. എന്നാൽ അപ്രകാരം എഞ്ചിനീയർ പരിശോധന നടത്താതെ എല്ലാവർക്കും ഒരേ തുക തന്നെ നൽകുയിരിക്കുന്നു. കൂടാതെ ഒരു വ്യക്തിയുടെ പേരിൽ മാത്രമാണ് ധനസഹായം നൽകിയിട്ടുമുള്ളത്.

വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 3 /24.10.2019 നൽകിയതിന് താഴെ കാണും പ്രകാരം മറുപടി ലഭ്യമാക്കി.

1.ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ച് സബ്സിഡി മാർഗ്ഗരേഖയിൽ പറയും പ്രകാരം ഉയർന്ന തുക നൽകാൻ കഴിയാത്തതിനാലാണ് ഗ്രാമ പഞ്ചായത്ത് ജനറൽ വിഭാഗത്തിന് 20000 രൂപ, പട്ടികജാതിക്കാർക്ക് 25000 രൂപ നിരക്ക് നിശ്ചയിച്ച് പദ്ധതി രൂപീകരിച്ചത്. പദ്ധതി രൂപീകരണ സമയത്ത് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാത്തതിനാൽ ഓരോ ഗുണഭോക്താവിനും എത്ര തുക വരും എന്ന് ധാരണയിൽ എത്താൻ സാധിക്കാത്തതിനാലാണ് പഞ്ചായത്ത് മുകളിൽ കാണിച്ച പ്രകാരമുള്ള തുക നിശ്ചയിച്ചത്.

എന്നാൽ ഗുണഭോക്തൃ ലിസ്റ്റിലെ എല്ലാവർക്കും ധനസഹായം നൽകണമെന്നോ, പ്രൊജക്ട് പ്രകാരമുള്ള തുക പരമാവധി പേർക്ക് ആനുകൂല്യം കിട്ടുന്ന തരത്തിൽ വിതരണം ചെയ്യണമെന്നോ സർക്കാർ വ്യവസ്ഥ ചെയ്തിട്ടില്ല. ഏറ്റവും അർഹരായവർക്ക് എഞ്ചിനീയറുടെ വാലേഷൻ അടിസ്ഥാനത്തിൽ സബ്സിഡി തുക നിശ്ചയിച്ച് പദ്ധതി നടപ്പിലാക്കുകയാണ് വേണ്ടത്.

സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെയും, സബ്സിഡി മാർഗ്ഗരേഖയുടെ അന്തസത്തക്ക് നിരക്കാതെ പദ്ധതി പ്രകാരമുള്ള ഫണ്ട് തുല്യമായി വീതം വെച്ച് പദ്ധതി നിർവ്വഹിച്ചതിനും ലഭ്യമാക്കിയ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല.

തുടർ വർഷങ്ങളിൽ പദ്ധതി നിർവ്വഹണം സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് മാത്രമാവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് കമ്പ്യൂട്ടർ

# നല്കൽ അപാകതകൾ

| അടങ്കൽ | ചെലവ് വിവരങ്ങൾ | |
|---|---|---|
| 3,88,500 (Devt.Fund (scp) | Bill14/22.12.18 | 1,81,300 |
| | Bill 11.02.19 | 2,07,200 |
| | ആകെ | 3,88,500 |

അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ പ്രൊജക്ടിൽ (12/19) നിർവഹണത്തിലെ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിപ്പെട്ടു.

1. സമാന്തര വിദ്യാഭ്യാസ സ്ഥാപനത്തിൽ പഠിക്കുന്ന താഴെ പറയുന്ന വിദ്യാർത്ഥി/ വിദ്യാർത്ഥിനികൾക്ക് യൂനിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ലഭ്യമാക്കാതെയാണ് ലാപ് ടോപ് അനുവദിച്ചിട്ടുള്ളത്.

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന കോഴ്സ് | സ്ഥാപനം |
|---|---|---|---|
| 1 | ശ്രീജേഷ് വി.പി, വാരിയംപറമ്പിൽ വീട്, രാമപുരം പി.ഒ | ബി.ബി.എ | Dezone business school, Mankada |
| 2 | ഷൈജ്ജ എം, മഞ്ഞളാംകുഴി വീട്, രാമപുരം | ബി.കോം | Co-operative Arts & Sceice College,Perinthalmanna |
| 3 | ആതിര എം,മഞ്ഞളാംകുഴി വീട്, രാമപുരം | ബി.എ സോഷ്യോളജി | Prathiba College, Perinthalmanna |
| 4 | ശ്രുതി വി, വേളതൊടി, രാമപുരം പി.ഒ | ബി.എ എക്കണോമിക്സ് | Ernad Taluk Co-operative Arts College, Manjeri |
| 5 | ലിസിമോൾ, വാരിയംപറമ്പിൽ, രാമപുരം പി.ഒ | ബി.എസോഷ്യോളജി | SIMS Saga Institute of Management studies, Tirur |
| 6 | അനുഷകെ.കെ,കള്ളാരൻ കുന്നത്ത്, രാമപുരം | BAEconomics | Ernad Taluk Co-operative Arts College, Manjeri |
| 7 | ജിൽഷ എ,അള്ളാളത്തിൽ, രാമപുരം | ബി.കോം | Mas College, Malappuram |

2. ക്രമനമ്പർ (4) ലെ വിദ്യാർത്ഥിനിയുടെ പട്ടികജാതി വകുപ്പിൽനിന്നും ആനുകൂല്യം നല്കിയിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് അന്വേഷണത്തിന് (06/24.10.19) അസിസ്റ്റന്റ് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ രേഖകൾ ലഭ്യമാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. ഈയിനത്തിൽ ചെലവഴിച്ച 1,81,300/- (07x25,900 രൂപ ഓഡിറ്റിൽ തടസം ചെയ്യുന്നു.

# 1-23 വയോജനങ്ങൾക്ക് കട്ടിൽ - അർഹതയില്ലാത്തവർക്കും അനുവദിച്ചു

വയോജനങ്ങളുടെ ക്ഷേമം ലക്ഷ്യമാക്കി അവരുടെ ജീവിതത്തിന്റെ സായന്തനത്തിൽ ചെറിയ സൗകര്യങ്ങൾ ചെയ്തുകൊടുക്കുക എന്ന ലക്ഷ്യത്തോടെ 60 വയസ് കഴിഞ്ഞ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പൗരൻമാർക്ക് കട്ടിൽനല്കുന്ന പ്രൊജക്ട് (50/19) അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയിട്ടുള്ളത്. 8,80,000/- വികസനഫണ്ട് - ജനറൽ വകയിരുത്തി ട്രഷറി ബില്ലുകൾ 4/17.10.18, 8/27.10.18 പ്രകാരം പിൻവലിച്ച് യഥാക്രമം 5,86,500/- രൂപയും 2,93,250/- രൂപയും Scientific Solutions, Kanhangad എന്ന സ്ഥാപനത്തിന് നല്കുകയും കട്ടിൽ ഒന്നിന് 2,875/- വീതം 306 കട്ടിലുകൾ സ്ഥാപനം ലഭ്യമാക്കിയത് സ്റ്റോക്കിലെടുത്ത് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ അവർ സമർപ്പിച്ച ആധാർ കാർഡ് / റേഷൻ കാർഡ് പ്രകാരം അറുപത് വയസിന് താഴെ പ്രായമുള്ളവരാണെന്ന് കാണുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവ് | ഹാജരാക്കിയരേഖകൾ പ്രകാരം ജനനവർഷം | വാർഡ് |
|---|---|---|---|
| 1 | പാത്തുമ്മ അബ്ദുറഹ്മാൻ, എളക്കതിൽ, രാമപുരം | 1960 | 1 |
| 2 | ഗോവിന്ദൻ കെ.കെ, കല്ലാരംകുന്നത്ത്, രാമപുരം | 1962 | 1 |
| 3 | കദീജ തയ്യിൽ, പനങ്ങാങ്ങര | 1960 | 4 |
| 4 | കദീജ ആശാരിതൊടി, പനങ്ങാങ്ങര | 1962 | 5 |
| 5 | പാത്തുമ്മപി,പടിക്കൽപറമ്പിൽ, പാതിരമണ്ണ | 1963 | 7 |
| 6 | അയ്യപ്പൻ,പാലകുന്നത്ത്, പുഴക്കാട്ടിരി | 1963 | |

ഇത് സംബന്ധിച്ച അന്വേഷണക്കുറിപ്പിന് (18/26.10.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈയിനത്തിൽ ചെലവഴിച്ച (6 * 2875= 17250/- രൂപ ഓഡിറ്റിൽ തടസം ചെയ്യുന്നു.

# 1-24 ബാലസഭ, ബാലപഞ്ചായത്ത് പ്രവർത്തനം അപാകതകൾ

അസിസ്റ്റന്റ് സെക്രട്ടറി 2018-19 വർഷത്തിൽ നടപ്പിലാക്കിയ മേൽ പദ്ധതിയിൽ (പ്രൊജക്ട്.79/18 ) തനത് ഫണ്ട് 57,000/- രൂപ അടങ്കലിൽ അംഗീകാരം ലഭിച്ചതിൽ 44,890/- രൂപ ചെലവഴിച്ചിട്ടിട്ടുണ്ട്. ചെലവ് വിവരങ്ങൾ താഴെ പറയുംപ്രകാരമാണ്.

| ക്രമ നമ്പർ | ചെലവിനം | വൗച്ചർ നമ്പർ | തുക |
|---|---|---|---|
| 1 | അംഗനവാടികളുടെ കലാമേള | 21800790/16.01.19 | 32,420 |
| 2 | ലഘുഭക്ഷണം,പഠനോപകരണനിർമ്മാണ ശില്പശാല | | 7,580 |
| 3 | റിപ്പബ്ലിക് ദിന ക്വിസ് മത്സരം, വിമുക്തഭടൻമാരെ ആദരിക്കലും | 21801126/30.03.19 | 4,890 |
| | | ആകെ | 44,890 |

ജി.ഒ (എം.എസ്) 22/18/LSGD/14.02.18 സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.6.17 ൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ബാലസഭ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നിർദ്ദേശമുണ്ട്. മേൽ മാർഗ്ഗരേഖയിൽ ബാലസഭ പ്രവർത്തനം പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുന്നതിന് 40,000/- രൂപയാണ് ചെലവനുവാദമുള്ളത്.

ഓഡിറ്റ് അന്വേഷണത്തിന് **(07/24.10.19)** നല്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്തുകൾ വാർഡ് ഒന്നിന് 1000/- രൂപയും പഞ്ചായത്ത് തല പ്രവർത്തനങ്ങൾക്ക് 40,000/- രൂപയും ചെലവഴിക്കാമെന്ന ധാരണയിലാണ് തുക വകയിരുത്തിയതും വെറ്റിംങ് ഓഫീസറും ജില്ലാ ആസൂത്രണസമിതിയും അംഗീകാരം നല്കുകയും ചെയ്തിട്ടുള്ളതെന്നും പ്രവർത്തനങ്ങൾ സമൂഹത്തിന് വളരെയേറെ ഗുണപ്രദമായിരുന്നെന്നും നിർവഹണോദ്യോഗസ്ഥൻ മറുപടി നല്കി. മാർഗ്ഗരേഖക്ക് അനുസൃതമായി പ്രൊജക്ട് അംഗീകാരം വാങ്ങുന്നതിനും നിർവഹിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-25 പട്ടികജാതി പെൺകുട്ടികളുടെ വിവാഹധനസഹായം പൂർണ്ണമായ രേഖകൾ ഇല്ല

വികസനഫണ്ട് (scp) 4,50,000 രൂപ അടങ്കലുള്ള പ്രൊജക്ടിൽ വിവിധ ബില്ലുകൾ പ്രകാരം ആറ് പേർക്ക് വിവാഹധനസഹായമായി 75,000/- രൂപ വീതം നല്കിയിട്ടുണ്ട്. ഇതിൽ 06/23.10.19 ട്രഷറി ബിൽ പ്രകാരം അനുവദിച്ച പ്രവീണ വടക്കേതൊടി, D/o വാസു വി, കോട്ടുവാട്, പുഴക്കാട്ടിരി എന്നയാൾക്ക് പട്ടികജാതി വികസന വകുപ്പിൽനിന്നും സാക്ഷ്യപത്രം ഇല്ലാതെയാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളത്.
വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (<u>08/24.10.19</u>) നിർവഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി നല്കിയ മറുപടിയിൽ രേഖകൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ലഭ്യമാവുന്നതുവരെ ചെലവ് തുക തടസത്തിൽവെക്കുന്നു.

## 1-26 ലൈഫ് ഭവന പദ്ധതി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

ലൈഫ് ഭവന പദ്ധതി ജനറൽ (13/19) ലൈഫ് ഭവന പദ്ധതി പട്ടികജാതി(77/19) എന്നീ പദ്ധതികൾ പ്രകാരം ഓഡിറ്റ് വർഷത്തിൽ ആകെ 22 പേർക്ക് ഭവന നിർമ്മാണത്തിനായി ധനസഹായം നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ ചുവടെ കാണിച്ച അപാകതകൾ കാണുന്നു.

1. പദ്ധതി മാർഗ്ഗ നിർദ്ദേശ പ്രകാരം ഭവന നിർമ്മാണത്തിന്റെ ഓരോ ഘട്ടവും പൂർത്തിയാകുന്ന മുറക്ക് ഗുണഭോക്താവ് അനുബന്ധം 4 ൽ സ്റ്റേജ് റിപ്പോർട്ട് നിർവ്വഹണ ഉദ്യോഗസ്ഥന് നൽകേണ്ടതും ആയത് പരിശോധിച്ച ശേഷം മാത്രം ധന സഹായം നൽകേണ്ടതുമാണ്. എന്നാൽ ഗുണഭോക്താക്കൾ സ്റ്റേജ് റിപ്പോർട്ട് നൽകിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് ഗുണഭോക്താക്കളിൽ നിന്ന് സ്റ്റേജ് സർട്ടിഫിക്കറ്റ് വാങ്ങി സമർപ്പിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

2. സുശീല പത്തായത്തിങ്കൽ, മൈമൂന W/O ഹംസ കൊഴിഞ്ഞിപ്പറമ്പിൽ, ഗീത W/O ശിവദാസൻ ബാലിപ്പാറയിൽ, സതീദേവി W/O സേതുമാധവൻ ആനക്കല്ലിങ്ങൽ, പത്മാവതി W/O ശിവരാജൻ കല്ലറമുകളിൽ,സമീറW/O മുഹമ്മദ് ഫൈസൽ കൊടക്കാട്ടിൽ, ശ്രീജ W/O സുനിൽകുമാർ എന്നീ ഗുണഭോക്താക്കൾ ഹാജരാക്കിയ കൈവശാവകാശ രേഖകൾ പ്രകാരം അവരുടെ ഭൂമി Wet land ആണ്.
ഇത്തരത്തിലുള്ള ഭൂമിയിൽ കെട്ടിട നിർമ്മാണ അനുമതി നൽകിയതിനും ധനസഹായം നൽകിയതിനും അടിസ്ഥാനമാക്കിയ രേഖകൾ ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് – പ്രസ്തുത ഭൂമി 2008 ലെ തണ്ണീർതട നിയമം വരുന്നതിന് മുമ്പ് വീജ്ഞാപനം ചെയ്ത ഭൂമി ആയതിനാലായിരുന്നു പഞ്ചായത്ത് സെക്രട്ടറി വീട് നിർമ്മാണത്തിന് NOC നൽകിയതെന്നും, ഗുണഭോക്താക്കൾ NOC ഹാജരാക്കിയതിനെ തുടർന്നാണ് അവർക്ക് ധനസഹായം നൽകിയതെന്നും മറുപടി ലഭ്യമാക്കി. എന്നാൽ 2008 ലെ തണ്ണീർതട നിയമം വരുന്നതിന് മുമ്പ് വീജ്ഞാപനം ചെയ്ത ഭൂമിയാണെന്നതിനുള്ള രേഖകൾ ഗുണഭോക്താക്കളുടെ അപേക്ഷ അനുബന്ധ രേഖകൾ എന്നിവയുടെ കൂടെ ഉള്ളടക്കം ചെയ്യുകയോ മറുപടിയോടൊപ്പം ഹാജരാക്കുകയോ ചെയ്തിട്ടില്ല. പ്രസ്തുത രേഖകൾ ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതാണ്.

3. റംലത്ത് W/O സൈതലവി കരിമ്പനക്കൽ എന്ന ഗുണഭോക്താവിന്റെ ഭൂമിയുടെ കൈവശാവകാശ രേഖ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.
രേഖകൾ ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

## 1-27 വനിതകൾക്കുള്ള ആട് വിതരണം- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വനിതകൾക്കുള്ള ആട് വിതരണ പദ്ധതി പ്രകാരം (47/19) ശ്രീമതി ഉമൈബ കരുവള്ളി എന്ന ഗുണഭോക്താവ് രണ്ട് ആടുകളെ വാങ്ങിയതായി കാണിച്ച് ആയതിനുള്ള സബ്സിഡി ആയി ആടിനെ വിൽപ്പന നടത്തിയ ശ്രീ. ഉമ്മർ തവളേങ്ങൽ എന്നയാൾക്ക് 10000 രൂപ നൽകിയിട്ടുണ്ട് (ബിൽ 8/24.11.2018). എന്നാൽ ഈ ഗുണഭോക്താവ് 23.5.2019 തീയ്യതിയിൽ ഒരു ആടിനെ ഇൻഷൂർ ചെയ്തതിന്റെ രേഖ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ഗുണഭോക്താവ് 2018-19 വർഷത്തിൽ രണ്ട് ആടുകളെയും ഇൻഷൂർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. പദ്ധതി പ്രകാരം ആടുകളെ വാങ്ങിയ മറ്റ് 18 ഗുണഭോക്താക്കളും രണ്ട് ആടുകളെ ഇൻഷൂർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്.

വിശദീകരണം ലഭ്യമാക്കേണ്ടതാണ് കാണിച്ച് ഓഡിറ്റ് എൻക്വയറി 4 /24.10.2019 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയോടൊപ്പം രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഗുണഭോക്താവിന് നൽകിയ സബ്സിഡി തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-28 ഇ ടെണ്ടർ -ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായിട്ടില്ല

2018-19 വർഷത്തിൽ 5 ലക്ഷത്തിനു മുകളിലുള്ള 2 പ്രവർത്തികൾ ഇ ടെണ്ടർ മുഖേന നടപ്പിലാക്കിയിട്ടുണ്ട്.നിലവിൽ ടെണ്ടർ ഫോറത്തിന്റെ വില എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായിട്ടില്ല.തുക പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

| പ്രവർത്തി | കരാറുകാരൻ | ടെണ്ടർഫോറം വില |
|---|---|---|
| വില്ലേജ് പടി-നേർച്ചപ്പള്ളി റോഡ് സൈഡ് കെട്ടൽ (SO22/19) | പി.അബ്ദുൽ അസീസ് | 1176 |
| | കെ.പി.മൊയ്തീൻകുട്ടി | 1176 |
| | തരീഖ് ബാബു | 1176 |
| | മൊയ്തു.കെ | 1176 |
| കല്ലാറാം കുന്ന് കോളനിയും ശ്മശാനവും സംരക്ഷണം (SO113/19) | ടി.മുഹമ്മദാലി | 1176 |
| | മൊയ്തു.കെ | 1176 |
| | പി.അബ്ദുൽഅസീസ് | 1176 |
| | ആകെ | 8232 |

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരങ്ങൾ

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2018-19 | 22.07.2019, 23.07.2019 | KSAMPM/22/1075/2019 dated 22.08.2019 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2,50,000 | 103/18 ഭിന്നശേഷി സ്കോളർഷിപ്പ് | 2,50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 25,500 | 78/18നെൽകൃഷിക്ക് കൂലിച്ചെലവ് | 0 | 25,500 |
| ബ്ലോക്ക് പഞ്ചായത്ത് | 9,59,149 | 76/18 ലൈഫ് ഭവനപദ്ധതി | 9,59,149 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 6,31,188 | 126/18ക്ഷീരകർഷകർക്കുള്ള പാൽ സബ്സിഡി | | 6,31,188 |
| ജില്ലാ പഞ്ചായത്ത് | 2,62,300 | 103/18 ഭിന്നശേഷി സ്കോളർഷിപ്പ് | 2,62,300 | 0 |
| ജില്ലാ പഞ്ചായത്ത് | 25,500 | 78/18നെൽകൃഷിക്ക് കൂലിചെലവ് | 25,500 | 0 |
| ജില്ലാ പഞ്ചായത്ത് | 5,86,210 | 76/18ലൈഫ് ഭവനപദ്ധതി | -- | 5,86,210 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചര് / ബില്ല്/ ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂര്ത്തീകരിച്ച വിവരം | ചെലവഴിക്കാന് ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ | | 38,61,653 | ഇല്ല | ഇല്ല | 38,61,653 |
| | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്കുള്ള കുടിവെള്ള പദ്ധതി | | 2,30,600 | ഇല്ല | ഇല്ല | 2,30,600 |
| | എസ്.സി കോളനിയിലേക്ക് കുടിവെള്ള കണക്ഷൻ | | 11,61,500 | 9,00,000 | ഇല്ല | 20,61,500 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നമ്പർ | വായ്പയുടെ ഉദ്ദേശം | ഉത്തരവ് നമ്പർ, തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻബാക്കി | | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | KURDFC Loan | GO(MS)68/18/LSGD dt. 24.03.2018 | 19,69,441 | 19,69,441 | ---- | 15651 | 19,69,441 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം, ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ, തിയതി |
|---|---|---|---|---|
| 2014-15 | 3-11 | 3,213 | അസിസ്റ്റന്റ് എഞ്ചിനീയർ | 118010102330/5.7.18 |

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം/ ഖണ്ഡികനം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം /ഖണ്ഡികനം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2006-07 | 2008-09 | 3(6)സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി-തുക തിരികെ ലഭിച്ചില്ല | നടപടി തുടരുന്നു. |
| 2010-11 | 2013-2014 | 3(18)ലഘു അവലോകനം | നടപടി തുടരുന്നു. |
| 2014-15 | 2016-17 | 1. ഖണ്ഡിക-2(2) സ്ഥാപന തൊഴിൽ നികുതി ഒടുക്കിയില്ല | നടപടി തുടരുന്നു. |
| | | 2.ഖണ്ഡിക-2(3) സ്ഥലം മാറിപ്പോകുന്ന ജീവനക്കാരിൽ നിന്നും നികുതി ഈടാക്കുന്നില്ല. | -ടി- |
| | | 3.ഖണ്ഡിക-2(5) ശമ്പളം തടഞ്ഞതിനാൽ നികുതി ഒടുക്കിയില്ല. | -ടി- |
| | | 4.ഖണ്ഡിക-2(6) തൊഴിൽ നികുതി :പൊതു അപാകതകൾ_. | -ടി- |
| 2015-16 | | 4.ഖണ്ഡിക-2(4)തൊഴിൽ നികുതി പിരിവ് അപാകതകൾ | -ടി- |

# 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരങ്ങൾ

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക(രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറി യിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേ ഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2004-05<br>2005-06 | 3(10) | ശ്രീ മോഹനൻ നായർ | LF 5425/<br>Spl.cell/SC5/10<br>22.07.2011 | 21596/- | തുക അടച്ച രസീത് നം. 27923/71 | -- | -- | -- | 21596 | 0 |
| 2 | 2004-05 | 3-22 | ശ്രീമതി കുസുമം ജോസഫ് (ഹെഡ് ക്ലർക്ക്) | LF 5455/<br>Spl.cell/SC5/2010<br>3.5.12 | 393210 | | -- | -- | -- | 393210 | |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 1,19,11,813 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,21,15,526 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 53,84,426 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 2,00,000 | ഡോ.സീമ, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-15 | 39,036 | ഡോ.ഷിഹാബുദ്ദീൻ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-16 | 2,05,001 | ശ്രീ.എം. രാജേഷ്, സെക്രട്ടറി |
| 1-18 | 13,642 | ശ്രീ. അബുഫൈസൽ, സെക്രട്ടറി |
| | 10,16,639 | ശ്രീ. എം.രാജേഷ്, സെക്രട്ടറി |
| 1-20 | 3650000 | ശ്രീ എം.രാജേഷ്, സെക്രട്ടറി |
| 1-22 | 1,81,300 | ശ്രീ. ആർ രാജേഷ്, അസിസ്റ്റന്റ് സെക്രട്ടറി |
| 1-23 | 17,250 | ശ്രീ. ആർ രാജേഷ്, അസിസ്റ്റന്റ് സെക്രട്ടറി |
| 1-25 | 75,000 | ശ്രീ. ആർ രാജേഷ്, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 53,84,426 | |

<u>ഡി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം</u>

<u>ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

<u>എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>

ഇല്ല

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരങ്ങൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽഎഫ്.എം.14/3252/16/28.10.16 | 1 |
| 1997-98 | എൽ.എഫ്.എം. 14 /348/01 /14.02.11 | 29 |
| 1998-99 | എൽ.എഫ്.എം.14 / 746/03/14.02.11 | 16 |
| 1999-00 | എൽ.എഫ്.എം.15/1580 /06/14.02.11 | 12 |
| 2000-01 | എൽ.എഫ്.എം.12/ 1530/06/14.02.11 | 03 |
| 2001-02 | എൽ.എഫ്.എം.12/ 2162/07/14.02.11 | 17 |
| 1999-00മുതൽ 2001-02 (ചെലവ്) | എൽ.എഫ്.എം. 12 / 931/04/14.02.11 | 07 |
| 2002-03 | എൽ.എഫ്.എം. 12 /69/ 08/14.02.11 | 24 |
| 2003-04 | എൽ.എഫ്.എം.12/ 70/08/14.02.11 | 19 |
| 2004-05 | എൽ.എഫ്.എം.12/71/ 08 /14.02.11 | 30 |
| 2005-06 | എൽ.എഫ്.എം.12/ 1169/08/14.02.11 | 28 |
| 2006-07 | എൽ.എഫ്.എം.12/1170 /08/14.02.11 | 17 |
| 2007-08 | എൽ.എഫ്.എം14./ 2473/13/20.06.14 | 06 |
| 2008-09 | എൽ.എഫ്.എം.14/2474/13/20.06.14 | 10 |
| 2009-10 | എൽ.എഫ്.എം14./ 2475/13/ 20.06.14 | 09 |
| 2010-11 | എൽ.എഫ്.എം. 14 /204 /14/ 07.02.14 | 15 |
| 2011-12,2012-13 | കെ.എസ്.എ.എം.പി.എം.14 /1553/2015തി.11.12.16 | 9 |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം/14/2011/2016 തി.3.8.2016 | 12 |
| 2015-16 | കെ.എസ്.എ.എം.പി.എം/14/3025/2016 തി.28.01.2017 | 18 |
| 2016-17 | കെ.എസ്.എ.എം.പി.എം/22/1828/2017 തി.02.11.2017 | 18 |
| 2017-18 | കെ.എസ്.എ എം.പി.എം 22/2959/2018 19.01.2019 | 21 |

ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്)

# I ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.9/1179/2019 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

പിൻ-676505 ഫോൺ:04832734951

dompm.ksad@kerala.gov.in

തിയ്യതി:

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 31.03.2019 – ൽ അവസാനിച്ച വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യസ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.